# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1625 — 12/06/2019-ൽ മറുപടിയ്ക്ക്

## ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ആസ്തി വികസന സ്കീമിൽ 27.02.2016 ൽ ഭരണാനുമതിയായ തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും നഗരസഭയിൽനിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നഗരസഭയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ; | ബി) & സി) | 16 പ്രദേശങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ജി.ഒ (ആർ.റ്റി) നം. 910/16/എൽ.എസ്.ജി.ഡി, തീയതി 27.02.2016 പ്രകാരം ഭരണാനുമതി ലഭിച്ചതും, നഗരസഭാ കൗൺസിലിന്റെ അനുമതിക്കായി ശ്രീ. വി.എസ്.ശിവകുമാർ എം.എൽ.എ യുടെ 20/08/2018 ലെ കത്ത് മുഖേന നഗരസഭയിൽ ലഭിച്ചിട്ടുള്ളതുമായ വിഷയം നഗരസഭയുടെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് സത്വര നടപടി സ്വീകരിക്കുന്നതിന്, ഇക്കാര്യം തിരുവനന്തപുരം നഗരസഭയുടെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിന് പുറത്തുള്ള എം. പി.യുടെ ഫണ്ടിൽ നിന്നും ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകിയിട്ടും ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും അനുമതി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലുകളും നഗരസഭയുടെ പരിഗണനയിലുണ്ടായിട്ടും ഇവ നിർമ്മിക്കുന്നതിന് നഗരസഭ അനുമതി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ